(ബി) പോലീസുദ്യോഗസ്ഥരുടെ തെറ്റായ പെരുമാറ്റരീതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടി/വകുപ്പുതല നടപടി എന്നിവ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 166 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് നടത്തുന്നതിനായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 120 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചു വരുന്നു. പോലീസ് സ്റ്റേഷനുകളിലും ലോക്കപ്പുകളിലും നടക്കുന്ന കാര്യങ്ങൾ ടി ക്യാമറയിലൂടെ നിരീക്ഷിക്കാൻ കഴിയുന്നതാണ്. കസ്റ്റഡിയിലെടുക്കുന്ന വ്യക്തികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരിരക്ഷ നൽകുന്നതിൽ വീഴ്ച വരുത്തുവാൻ പാടില്ലെന്നും നിയമപരമായി ഒഴിവാക്കപ്പെട്ടിട്ടുള്ള ലജ്ജാവഹവും മനുഷ്യാവകാശ ധ്വംസനപരമായുള്ള നടപടികൾ ഒരു കാരണവശാലും ഉണ്ടാകരുതെന്നുമുള്ള കർശന നിർദ്ദേശം എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(സി) കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ നീതിപൂർവ്വവും ശാസ്ത്രീയവുമായ അന്വേഷണത്തിലൂടെയാണ് എല്ലാ കേസുകളിലെയും കുറ്റവാളികളെ കണ്ടെത്തുന്നതും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും.

(ഡി) മൂന്നാംമുറ പ്രയോഗം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി കർശനനിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ഐ.എം.ജി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

5(*605) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി 44 സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കാനായി 941 പരിശീലന പരിപാടികൾ 2015-016-ൽ നടത്തുനുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ പ്രൈമോഷൻ വഴി ഐ.എ.എസ്. ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ടു ബാച്ചുകളിലായി 2015-16-ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ 3 ഗവേഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. UNEP-യുമായി ചേർന്ന് സുസ്ഥിര വികസന പരിശീലന പരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിച്ചുവരുന്നു. UK-യിലെ Reading University-യുമായി ചേർന്ന് പരിശീലന പരിപാടികളും ഗവേഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു. സേവനാവകാശ നിയമത്തിൽ വിവിധ പരിശീലന പരിപാടികൾ വിപുലീകരിച്ചു നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അറിവും പ്രാവിണ്യവും മനോഭാവവും മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് നല്ല സേവനം ലഭ്യമാക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റേയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി കൊണ്ടിരിക്കുന്നു. വിവിധ കമ്മിറ്റികളിൽ പരിശീലന പരിപാടികളുടെ അവലോകനവും നടത്താറുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന് കമ്പോട്ടാഷ് നിയമത്തിൽ ഇളവ്

6(*606) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖത്തിന് കമ്പോട്ടാഷ് നിയമത്തിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ കരട് ശിപാർശ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly